പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 520 | 02/12/2014 -ൽ മറുപടിക്ക്

## സ്റ്റാമ്പ് ഡ്യൂട്ടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) 2011-12 ലെ ബഡ്ജറ്റിലൂടെ ദാനാധാരങ്ങൾ, ധനനിശ്ചയാധാരങ്ങൾ, ഭാഗ ഉടമ്പടികൾ എന്നിവയിന്മേൽ ഉണ്ടായിരുന്ന സ്റ്റാമ്പ് ആയിരം രൂപയായി കുറവ് ചെയ്യാനുണ്ടായ സാഹചര്യം എന്തായിരുന്നു; | എ) 2011-12 ലെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ ബഹു. ധനകാര്യ മന്ത്രി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ, കുടുംബാംഗങ്ങൾ തമ്മിലുള്ള ആധാരങ്ങൾക്കുള്ള ആധാരച്ചെലവ് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവു വരുത്തിയത്. |
| ബി) ഇതിന് വിരുദ്ധമായി 2014 ലെ 24-ാം നമ്പർ ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സ്റ്റാമ്പ് ഡ്യൂട്ടി പുനഃസ്ഥാപിച്ചതിന്റെ കാരണം വെളിപ്പെടുത്താമോ; | ബി) കുടുംബാംഗങ്ങൾ തമ്മിലുള്ള ആധാരങ്ങൾക്ക് പ്രത്യേക ഇളവുകൾ നൽകിയതിനുശേഷം റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടായതായി കണക്കാക്കിയിരുന്നു. സർക്കാരിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് പ്രസ്തുത ഓർഡിനൻസ് പുറപ്പെടുവിച്ചത്. |
| സി) സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചതും പിന്നീട് പുനഃസ്ഥാപിച്ചതും എന്തെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവോ; ഓർഡിനൻസ് വഴി ഇപ്പോൾ പ്രതീക്ഷിക്കുന്ന അധിക വരുമാനം എത്ര കോടിയാണ് ; | സി) വകുപ്പുതലത്തിൽ റവന്യൂ കളക്ഷൻ സംബന്ധിച്ച താരതമ്യ പഠനം നടത്തിയ ശേഷമാണ് സ്റ്റാമ്പ് ഡ്യൂട്ടി പുനഃസ്ഥാപിച്ചത്. ഓർഡിനൻസ് മുഖേന 232 കോടി രൂപ വാർഷിക അധിക വരുമാനം പ്രതീക്ഷിക്കുന്നു. |
| ഡി) 2011-ൽ സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചത് വഴി നാളിതുവരെ എത്ര കോടി രൂപ വരുമാനത്തിൽ കുറവ് വരുകയുണ്ടായി ? | ഡി) 2011-ൽ മുദ്രവില കുറവു വരുത്തിയ ദാനാധാരങ്ങൾ, ധനനിശ്ചയ ആധാരങ്ങൾ, ഭാഗ ഉടമ്പടികൾ, ഒഴുമുറി എന്നീ ഇനങ്ങളിൽ വരുമാനത്തിലുള്ള കുറവ് സംബന്ധിച്ച കണക്ക് പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല. വിവിധ കാരണങ്ങളാൽ 2011 മുതൽ 2014 വരെയുള്ള ഓരോ |

സാമ്പത്തിക വർഷവും വരുമാനത്തി ലുണ്ടായ ഏറ്റക്കുറച്ചിലുകൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | വരുമാനം (കോടി രൂപയിൽ) | മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ചുള്ള വ്യത്യാസം. |
|---|---|---|
| 2011-12 | 2773.06 | 443.84 കോടി രൂപ കൂടുതൽ. |
| 2012-13 | 2747.58 | 25.48 കോടി രൂപ കുറവ് |
| 2013-14 | 2353.49 | 394.09 കോടി രൂപ കുറവ്. |

സെക്ഷൻ ഓഫീസർ.